# THE MALANKARA ORTHODOX SYRIAN CHURCH

## CATHOLICATE OF THE EAST

## EPISCOPAL ADMINISTRATIVE COUNCIL


Catholicate Palace
Devalokam P. O, Muttambalam
Kottayam - 686004

Website : www.mosc.in
E- Mail : epadcouncil@mosc.in
Telephone : 0481-2574323, 2578500


**No. MOSC/EAC/01/2021**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

മലങ്കരസഭയുടെ പ്രധാനമേലദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി 2021 ജൂലൈ മാസം 12-ാം തീയതി  തിങ്കളാഴ്ച തന്റെ ഭാഗ്യകരമായ ഇഹലോക ജീവിതശുശ്രൂഷകൾ പൂർത്തിയാക്കി ദൈവസന്നിധിയിലേക്ക് യാത്രയായിരിക്കുന്നു. പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലയിൽ മലങ്കരസഭയ്ക്ക് ധീരോദാത്തവും ശ്രേഷ്ഠവും അനുഗ്രഹകരവുമായ നേതൃത്വം നൽകി വന്നിരുന്ന പരിശുദ്ധ പിതാവിന്റെ ദേഹവിയോഗം മലങ്കരസഭയ്ക്ക് തീരാനഷ്ടമാണ്. യാമങ്ങളുടെ കാവൽക്കാരനും ഉത്തമ ദൈവഭക്തനുമായിരുന്ന പരിശുദ്ധ ബാവാ തിരുമേനി പ്രകടനപരമല്ലാത്ത നിർമ്മല ഭക്തിജീവിതത്തെ ആഴത്തിൽ ഉപാസിച്ചിരുന്ന മഹർഷിവര്യനായിരുന്നു. നമസ്കാരങ്ങളും കൂദാശകളും നോമ്പ് അനുഷ്ഠാനവും  പൂർണ്ണതയോടെ നിർവ്വഹിക്കുന്നതിൽ പരിശുദ്ധ പിതാവ് ഏറെ ശ്രദ്ധിക്കുകയും അതിൽ ആനന്ദം കണ്ടെത്തുകയും ചെയ്തിരുന്നു. പരിശുദ്ധ സഭയുടെ സത്യവിശ്വാസവും മലങ്കരസഭയുടെ സ്വാതന്ത്ര്യവും സ്വയശീർഷകത്വവും സ്വപ്രാണനേക്കാൾ വിലയേറിയതായി കണ്ട പരിശുദ്ധ ബാവാതിരുമേനി അവ കാത്തുപരിപാലിക്കുന്നതിനായി വിശ്വാസ പോരാട്ടത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളോടെ സഭാനന്മയ്ക്കായി സ്വജീവിതം സമർപ്പിച്ചു. സമൂഹത്തിൽ ദരിദ്രരോടും എളിയവരോടും ഏറെ അനുകമ്പയോടെ ഇടപെട്ട പരിശുദ്ധ തിരുമേനി ആയിരങ്ങളുടെ ദുരിതാനുഭവങ്ങളിൽ സ്നേഹസ്പർശമായി നിലകൊണ്ടു.  പരുമല സെന്റ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയെയും അനുബന്ധ സ്ഥാപനങ്ങളായ സെന്റ് ഗ്രീഗോറിയോസ് ഇന്റർ നാഷണൽ കാൻസർ കെയർ സെന്റർ, സെന്റ് ഗ്രീഗോറിയോസ് കാർഡിയോ വാസ്കുലർ സെന്റർ എന്നിവയെയും അന്തർദേശീയ നിലവാരത്തിലേക്കുയർത്തുവാൻ പ. പിതാവ് അശ്രാന്തപരിശ്രമം നടത്തിയത് ഈ വലിയ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായാണ്.

എക്യുമെനിക്കൽ രംഗത്തും പരിസ്ഥിതിപ്രശ്നങ്ങളിലും ക്രിയാത്മക ഇടപെടലുകൾ നടത്തിയ പ. ബാവാ തിരുമേനി മലങ്കരസഭയുടെ ഭരണരംഗത്ത് സ്ത്രീപ്രാതിനിധ്യം ഉറപ്പുവരുത്തിക്കൊണ്ട് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. സഭാഭരണത്തിന്റെ വ്യത്യസ്ത മേഖലകളിൽ ആരോഗ്യകരവും ഫലപ്രദവുമായ നിരവധി പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയ അദ്ദേഹത്തിന്റെ പ്രവർത്തനം വഴിയായി സാധിച്ചു. രോഗാവസ്ഥ മൂലമുണ്ടായ ക്ലേശങ്ങൾക്കും സഭയുടെ ഭാവിയെപ്രതി സ്വീകരിച്ച നിലപാടുകൾ മൂലമുണ്ടായ മാനസിക വ്യഥകൾക്കും നടുവിൽ അചഞ്ചലമായ ദൈവവിശ്വാസവും ആത്മീയമായ ശാന്തതയും പ്രകടിപ്പിച്ചുകൊണ്ട് ദൈവവചനാധിഷ്ഠിതമായ ജീവിതത്തിലൂടെ അവസാനത്തോളം തളരാതെ നിലകൊള്ളുവാൻ പ. പിതാവിന് സാധിച്ചു. പ്രകാശം പരത്തുന്ന മന്ദസ്മിതംകൊണ്ടും ഹൃദയം തുറന്ന ഭാഷണങ്ങൾകൊണ്ടും തികഞ്ഞ സത്യസന്ധതകൊണ്ടും സകലരുടെയും ഹൃദയത്തിൽ ഇടംപിടിച്ച പുണ്യപിതാവിന്റെ ജീവിതവും ദർശനവും നമുക്കും നമ്മുടെ വരുംതലമുറകൾക്കും അവരുടെ വിശ്വാസ ജീവിതത്തെ ബലപ്പെടുത്തുന്നതിനും വ്യക്തി ജീവിതങ്ങളെ ശുദ്ധീകരിക്കുന്നതിനും മുഖാന്തിരമായിത്തീരും എന്നതിൽ സംശയമില്ല.  ദൈവം തമ്പുരാൻ തന്നെ ഭരമേല്പിച്ച താലന്തുകളെ നന്നായി വ്യാപാരം ചെയ്ത് വിശുദ്ധന്മാർക്കുചിതമായ നിലയിൽ ദൈവസന്നിധിയിലേക്ക് കടന്നുപോയിരിക്കുന്ന പരിശുദ്ധ ബാവാ തിരുമേനിയുടെ മദ്ധ്യസ്ഥത നമുക്ക് വിലയേറിയ കാവലും കോട്ടയുമായിരിക്കട്ടെ.


Members: 1) Metropolitan H. G. Kuriakose Mar Clemis
2) Metropolitan H. G. Yuhanon Mar Meletius
3) Metropolitan H. G. Dr. Mathews Mar Severios
4) Metropolitan H. G. Dr. Yakob Mar Irenaios
5) Metropolitan H. G. Dr. Yuhanon Mar Diascoros

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയിലൂടെ പരിശുദ്ധ പിതാവിന് വിശോത്തര നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കുന്നതിനായി ദേശത്തും വിദേശത്തുമുള്ള നിരവധി ഡോക്ടർമാർ ഏറെ പ്രയത്നിച്ചു. ആശുപത്രിയിലെ ഡോക്ടർമാർ, നേഴ്സിംഗ് സ്റ്റാഫ്, വിവിധ വിഭാഗങ്ങളിലെ ഇതരജീവനക്കാർ എന്നിങ്ങനെ എല്ലാവരും സി. ഇ. ഒ എം. സി. പൗലോസ് കത്തനാരുടെ നേതൃത്വത്തിൽ ഒത്തൊരുമിച്ച് പ്രവർത്തിച്ചു. അവരുടെ നിസ്വാർത്ഥ സേവനത്തോട് സഭയ്ക്ക് നിസ്സീമമായ നന്ദിയുണ്ട്. പരിശുദ്ധ പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ വന്നുസംബന്ധിച്ചവരും മാധ്യമങ്ങളിലൂടെ അനുശോചനം അറിയിച്ചവരുമായി സമൂഹത്തിന്റെ വിവിധതുറകളിലുള്ള രാഷ്ട്രീയ-മത-സാമൂഹിക-സാംസ്കാരിക നേതാക്കളോടും ഭരണകർത്താക്കളോടും മറ്റെല്ലാ വിശ്വാസ സമൂഹങ്ങളോടും പൊതുസമൂഹത്തോടും പ. സഭയ്ക്ക് തികഞ്ഞ നന്ദിയും കടപ്പാടുമുണ്ട്.

കർത്താവിൽ പ്രിയരെ, പ.ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവാതിരുമേനിയോടുള്ള നമ്മുടെ കടമകൾ ഉചിതമായി നിറവേറ്റുവാൻ സഭാമക്കളായ നമുക്ക് ബാധ്യതയുണ്ട്. നമ്മുടെ പള്ളികളിൽ അദ്ദേഹത്തിന്റെ നാൽപതാം ദിനംവരെയുള്ള എല്ലാ വി. കുർബ്ബാനകളിലും പ്രത്യേക ധൂപപ്രാർത്ഥന നടത്തണം. നാൽപതാംദിനം വരെയുള്ള ദിവസങ്ങളിൽ സഭാമക്കൾ നോമ്പ് ആചരിക്കണം. നമ്മുടെ ദേവാലയങ്ങളിലെ എല്ലാ പരിപാടികളിലും ആഘോഷങ്ങൾ ഒഴിവാക്കണം. പരിശുദ്ധ പിതാവിനുവേണ്ടി പ. സഭ ഒന്നാകെ പ്രത്യേകം പ്രാർത്ഥിക്കണം.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ 30-ാം അടിയന്തിരം 2021 ഓഗസ്റ്റ് മാസം 10-ാം തീയതി ചൊവ്വാഴ്ച ആ പിതാവ് 36 വർഷം മേയിച്ചുഭരിച്ച കുന്നംകുളം മെത്രാസനത്തിന്റെ അരമന ചാപ്പലിൽ കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ആചരിക്കുന്നതാണ്. അന്നേദിവസം രാവിലെ 7 മണിക്ക് പ്രഭാത നമസ്കാരവും തുടർന്ന് വിശുദ്ധ കുർബ്ബാനയും ധൂപപ്രാർത്ഥനയും അനുസ്മരണവും അടിയന്തിര സദ്യയും ഉണ്ടായിരിക്കും. അതോടൊപ്പം നമ്മുടെ എല്ലാ മെത്രാസന കേന്ദ്രങ്ങളും അതതിടങ്ങളിലെ സാഹചര്യം അനുസരിച്ച് പൊതുവായോ, ഇടവകകളുടെ ചുമതലയിലോ പരിശുദ്ധ ബാവാ തിരുമനസ്സിന്റെ 30-ാം അടിയന്തിരം സമുചിതമായി ആചരിക്കുവാനുള്ള നടപടികൾ നിർവ്വഹിക്കണം.

നാൽപതാംദിന അടിയന്തിരം 2021 ഓഗസ്റ്റ് മാസം 20-ാം തീയതി വെള്ളിയാഴ്ച പരിശുദ്ധ പിതാവ് കബറടങ്ങിയിരിക്കുന്ന കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ നമ്മുടെ സഭയിലെ അഭിവന്ദ്യ മെത്രാപ്പോലീത്താമാരുടെ മഹനീയ കാർമ്മികത്വത്തിൽ കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടത്തപ്പെടുന്നതാണ്. അന്ന് രാവിലെ 7 മണിക്ക് പ്രഭാത നമസ്കാരത്തെ തുടർന്ന് വി. കുർബ്ബാന, അനുസ്മരണപ്രസംഗം, ധൂപപ്രാർത്ഥന, നേർച്ചവിളമ്പ്, അടിയന്തിര സദ്യ എന്നിവ കോവിഡ് മാനദണ്ഡങ്ങൾക്ക് വിധേയമായി ക്രമീകരിച്ചിട്ടുണ്ട്. മേൽപറഞ്ഞ എല്ലാ ശുശ്രൂഷകളിലും നിങ്ങൾ ഏവരുടെയും പ്രാർത്ഥനാപൂർണ്ണമായ സാന്നിധ്യസഹകരണങ്ങൾ ഉണ്ടാകണമെന്ന് നാം പ്രത്യേകം താത്പര്യപ്പെടുന്നു. കൊവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ നേരിട്ട് വന്ന് ചടങ്ങുകളിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർക്കായി ഓൺലൈൻ സംപ്രേഷണം ഉണ്ടായിരിക്കുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.............

എപ്പിസ്കോപ്പൽ അഡ്മിനിസ്ട്രേറ്റീവ് കൗൺസിലിനുവേണ്ടി

2021 ജൂലൈ മാസം 15-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

**കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ**